DESPATCHED
On 08/06/2020
4. 2. 20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 2280(2)/2016/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം. 14067/എസ്.ഐ.സി-ജി 6/2016)**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.എൻ.ജയൻ,
ശങ്കേഴ്സ് വില്ല, ഊമൻ പള്ളിക്കര,
കിളിമാനൂർ പി.ഒ, തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം .
2. അപ്പീൽ അധികാരി,
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.07.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.09.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 17.09.2016 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 01.11.2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.11.2016 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14.11.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.എൻ.ജയൻ 14.11.2016 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിക്കകം മറുപടി നൽകിയില്ലായെന്നും അപ്പീലിന്മേൽ നൽകിയ മറുപടി പൂർണ്ണമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 25.07.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളായിരുന്നു:

I. H.S.S.T English (Senior) H.S.S.T English (Junior) തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിന് ഏറ്റവും ഒടുവിലായി വേക്കൻസികൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത തീയതി എന്നാണ്? പ്രസ്തുത തസ്തികകളിൽ ഓരോന്നിലും എത്ര വീതം വേക്കൻസികൾ റിപ്പോർട്ട് ചെയ്തു?

II. H.S.S.T English (Senior) H.S.S.T English (Junior) തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിന് (ബൈട്രാൻസ്ഫർ/ എൻ.സി.എ/ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഒഴികെ) വേക്കൻസികൾ 2016 മാർച്ച് 31 നു ശേഷം പി.എസ്.സി റിപ്പോർട്ട് ചെയ്ത രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട് 12 ഇനങ്ങളിലായുള്ള വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 16.12.2016 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് 25.07.2016 ൽ മറുപടി നൽകിയെന്നും ക്രമനമ്പർ 2,3,9,10 എന്നീ ചോദ്യങ്ങൾക്കുള്ള രേഖകളുടെ പകർപ്പ് ലഭ്യമായില്ലായെന്നും 4,5,6 എന്നിവയ്ക്ക് മറുപടി ലഭിച്ചില്ലെന്നും 7,12 എന്നിവയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും കാണിച്ച് 17.09.2016 ൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. ടി അപ്പീലിന്മേൽ ഓഫീസിൽ ലഭ്യമായ രേഖകളുടെ പകർപ്പും, മറുപടിയും 01.11.2016 ൽ നൽകുകയും ചെയ്തു. എന്നാൽ 6,10,12 ചോദ്യങ്ങൾക്ക് വിവരങ്ങൾ ക്രോഡീകരിച്ച് നൽകിയില്ലായെന്നും കാണിച്ചാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നതെന്നും ടി വിവരങ്ങൾ ഓഫീസിലെ വിവിധ സെക്ഷനുകളിൽ കൈകാര്യം ചെയ്തു വരുന്നതിനാൽ പ്രസ്തുത വിവരങ്ങൾ ടി ഓഫീസിൽ ക്രോഡീകരിച്ച രൂപത്തിൽ ലഭ്യമല്ലെന്നും നിയമനം സംബന്ധിച്ച ഉത്തരവുകൾ

സോഫ്റ്റുവെയർ മുഖേന ജനറേറ്റ് ചെയ്യുന്നതിനാൽ ആയതിന്റെ രജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നില്ലായെന്നും 10,12 ചോദ്യങ്ങൾക്ക് ടി ഓഫീസിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങി ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കാവുന്നതാണെന്ന മറുപടിയാണ് നൽകിയതെന്നും മറ്റുമാണ്.

4. ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 18.01.2020 ൽ കമ്മീഷൻ ഹിയറിംഗ് പോസ്റ്റു ചെയ്തതനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

5. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്കും അപ്പീലിനും എതിർകക്ഷികൾ സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ പരാമർശിത കാലയളവിലെ എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷികൾക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷികൾക്കു യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ടിയാന്മാർക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 04-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM